# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 393

02.12.2014 ൽ മറുപടിയ്ക്ക്

## സൗരോർജ്ജ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>" ജോസഫ് വാഴയ്ക്കൻ<br>" ആർ. സെൽവരാജ്<br>" ഡൊമനിക് പ്രസന്റേഷൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ; | (ബി) യും (സി) യും<br>സ്ഥലലഭ്യതക്കുറവാണ് വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മുന്നിലുള്ള പ്രതിബന്ധം. ഇത് നേരിടുന്നതിന് കൃഷിയ്ക്ക് യോഗ്യമല്ലാത്തതും വാണിജ്യ പ്രാധാന്യ മില്ലാത്തതും വില കുറഞ്ഞതുമായ ഭൂമി കണ്ടെത്തുവാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്. എൻ.എച്ച്.പി.സി യുമായി ചേർന്ന് വെസ്റ്റ് കല്ലടയിൽ നടപ്പിലാക്കുന്ന 50 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി എടുത്ത് പറയേണ്ടതാണ്. 300 ഏക്കറോളം വിസ്തൃതിയുള്ള തരിശായ ചതുപ്പ് ഭൂമിയാണ് ഇതിനായി കണ്ടെത്തിയിരിക്കുന്നത്.<br>എൻ.എച്ച്.പി.സിയുടെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br>(1) പദ്ധതി ഭൂമിയുടെ പാട്ടവില കെ.എസ്.ഇ.ബി ലിമിറ്റഡ്, വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഇതിനായി രൂപീകരിക്കുന്ന ഭൂഉടമകളുടെ കമ്പനിയ്ക്ക് നൽകുന്നു.<br>(2) പദ്ധതിയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് ഭൂമിയുടെ വില മൂലധനത്തിൽ ഉൾപ്പെടുത്താതെ |

കണക്കാക്കുകയും ആ വിലയ്ക്ക് കെ.എസ്.ഇ.ബി, പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വാങ്ങുകയും ചെയ്യും.

(3) ഭൂമിയുടെ പാട്ടത്തുക, കെ.എസ്.ഇ.ബി യുടെ വാർഷിക ചെലവുകളിൽ ഉൾപ്പെടുത്തുവാൻ റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടും.

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ? വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ഉണ്ട്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് എൻ.എച്ച്.പി.സി യുമായി 07.05.2014 ൽ ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന താരിഫിലാണ് വാങ്ങിയ്ക്കുന്നത്. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തും ഭൂമി ഉടമസ്ഥരുമായിട്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി ലിമിറ്റഡ് സുഗമമാക്കി കൊടുക്കുന്നതാണ്. ഈ പദ്ധതിയിൽ നിന്ന് വൈദ്യുതി എടുക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈനുകളും ഉപകരണങ്ങളും ഗവൺമെന്റിന്റെ സോളാർ പോളിസി നിഷ്കർഷിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി ചെയ്തു കൊടുക്കുന്നതാണ്. ഈ പദ്ധതി ബിൽഡ്-ഓൺ-ഓപ്പറേറ്റ് ട്രാൻസ്ഫർ (BOOT) മാതൃകയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**